ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.02.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രണ്ട് ദിവസത്തെ മലേഷ്യ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ തിരിച്ചെത്തി. പ്രതിരോധം, സുരക്ഷ, സെമികണ്ടക്ടർ, വ്യാപാര മേഖലകളിലെ ബന്ധം വർദ്ധിപ്പിക്കാൻ ധാരണ.

   **PM Modi returns to New Delhi after Malaysia Visit; Initiatives unveiled to boost defence, decurity, demiconductor and drade ties.**

2. പ്രധാനമന്ത്രി വിദ്യാർഥികളുമായി സംവദിക്കുന്ന 'പരീക്ഷാ പേ ചർച്ച' 9-ാം പതിപ്പിന്റെ രണ്ടാം ഭാഗം ഇന്ന്.

   **Prime Minister to interacts with students in the second part of the 9th edition of "Pariksha Pe Charcha," today.**

3. ഛത്തീസ്ഗഢിൽ സുരക്ഷാക്രമീകരണങ്ങളും വികസനപദ്ധതികളും അവലോകനം ചെയ്യാൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു.

   **A high-level meeting was convened under the leadership of Union Home Minister Amit Shah to review security arrangements and development projects in Chhattisgarh.**

4. **2026-ലെ കരട് ആദായനികുതി നിയമങ്ങളും ഫോമുകളും സംബന്ധിച്ച്, പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങൾ ക്ഷണിച്ച് കേന്ദ്രസർക്കാർ.**

   **Government invites comments from public and stakeholders on Draft Income-tax Rules.**

5. **സിയാൽ എയ്റോ പാർക്ക് ആദ്യ ഘട്ടം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും.**

   **Chief Minister Pinarayi Vijayan to inaugurate the first phase of the CIAL Aero Park today.**

6. **ഐസിസി പുരുഷ ടി20 ലോകകപ്പ് ക്രിക്കറ്റിൽ അയർലൻഡിനെതിരെ ശ്രീലങ്കയ്ക്ക് 20 റൺസ് ജയം.**

   **In the ICC Men's T20 World Cup cricket, Sri Lanka defeat Ireland by 20 runs.**

## PM MODI-SEYCHELLES PRESIDENT

സീഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. പ്രാദേശിക, അന്താരാഷ്ട്ര, ഉഭയകക്ഷി വിഷയങ്ങളിൽ ഇരു നേതാക്കളും ചർച്ച നടത്തും. രാഷ്ട്രപതി ദ്രൗപദി മുർമ്മുവുമായും സീഷെൽസ് പ്രസിഡന്റ് ഇന്ന് രാഷ്ട്രപതി ഭവനിൽ കൂടിക്കാഴ്ച നടത്തും. അഞ്ചുദിവസത്തെ ഔദ്യോഗിക സന്ദർശനത്തിൻറെ ഭാഗമായി ഇന്നലെയാണ് പാട്രിക് ഹെർമിനി ന്യൂഡൽഹിയിലെത്തിയത്. നേരത്തെ ചെന്നൈയിലും മുംബൈയിലും വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുത്തു. ഇന്ത്യയുമായുള്ള നയതന്ത്ര ബന്ധത്തിന്റെ സുവർണ്ണ

ജൂബിലി ആഘോഷത്തോടനുബന്ധിച്ചാണ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുടെ ഔദ്യോഗിക സന്ദർശനം.

## INDIA- MALAYSIA STATEMENT(INTRO)

രണ്ട് ദിവസത്തെ മലേഷ്യ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ ന്യൂഡൽഹിയിൽ തിരിച്ചെത്തി. ഇന്ത്യ-മലേഷ്യ സമഗ്ര തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിജ്ഞാബദ്ധത സന്ദർശനം ഊട്ടിയുറപ്പിച്ചു. ഭീകരവാദത്തിനെതിരെ ഇന്ത്യയും മലേഷ്യയും വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുമെന്ന് മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി നടത്തിയ കൂടിക്കാഴ്ചക്ക് ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

***വിശദാംശങ്ങളിലേക്ക്......***
***(ഹോൾഡ് വോയ്സ്)***

## INDIA- MALAYSIA STATEMENT(VOICE)

വ്യാപാരസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും, അർധചാലകങ്ങൾ, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ ഉൾപ്പെടെയുള്ള മേഖലകളിൽ സഹകരണ സാധ്യതകൾ പരിശോധിക്കാൻ ഇന്ത്യയും മലേഷ്യയും ധാരണയായി. ഭക്ഷ്യസുരക്ഷയിലും പോഷകാഹാര രംഗത്തും പങ്കാളിത്തം

വർധിപ്പിക്കും. ഐക്യരാഷ്ട്രസഭ ഉൾപ്പെടെയുള്ള ബഹുതല വേദികളിലും പരസ്പര സഹകരണം കരുത്തുറ്റതാക്കും. അടിസ്ഥാനസൗകര്യ വികസനം, പുനരുപയോഗ ഊർജ്ജം, ഡിജിറ്റൽ സാങ്കേതികവിദ്യ, സെമികണ്ടക്ടറുകൾ, നിർമ്മിതബുദ്ധി, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഇന്ത്യ വാഗ്ദാനം ചെയ്യുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദി മലേഷ്യൻ കമ്പനികളെ പ്രോത്സാഹിപ്പിച്ചു. അന്താരാഷ്ട്ര സൗരോർജ്ജ സഖ്യം സ്ഥാപിക്കുന്നതിൽ ഇന്ത്യയുടെ പങ്കിനെ മലേഷ്യ അഭിനന്ദിച്ചു. മലേഷ്യയും ഇന്ത്യയും തമ്മിലുള്ള പ്രതിരോധ ബന്ധം ശക്തിപ്പെടുന്നതിൽ നേതാക്കൾ സംതൃപ്തി രേഖപ്പെടുത്തി. ഇന്ത്യയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നതപഠനത്തിന് അവസരമൊരുക്കുന്ന 'സ്റ്റഡി ഇൻ ഇന്ത്യ' പദ്ധതി പ്രയോജനപ്പെടുത്താൻ പ്രധാനമന്ത്രി മലേഷ്യൻ വിദ്യാർഥികളെ ക്ഷണിച്ചു. സന്ദർശനവേളയിൽ നൽകിയ ഊഷ്മളമായ സ്വീകരണത്തിന് ശ്രീ മോദി നന്ദി രേഖപ്പെടുത്തി.

ന്യൂസ് ഡെസ്ക് ആകാശവാണി

## PARIKSHA PE CHARCHA

പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർഥികളുമായി സംവദിക്കുന്ന പരീക്ഷാ പേ ചർച്ച 9-ാം പതിപ്പിൻറെ രണ്ടാം ഭാഗം ഇന്ന്. രാവിലെ 10 മുതൽ പരിപാടി പ്രക്ഷേപണം

ചെയ്യും. രണ്ടാം ഭാഗത്തിൽ തമിഴ്നാട്, ഛത്തീസ്ഗഢ്, ഗുജറാത്ത്, അസം എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുമായി പ്രധാനമന്ത്രി സംവദിക്കും. ആകാശവാണിയുടെ എല്ലാ നിലയങ്ങളിലും യൂട്യൂബ് ചാനലിലും പരിപാടി ലഭ്യമാകും.

## AMIT SHAH- MEETINGS

ഛത്തീസ്ഗഢിൽ ഇടതു തീവ്രവാദ സാന്നിധ്യമുള്ള പ്രദേശങ്ങളിലെ സുരക്ഷാക്രമീകരണങ്ങളും വികസനപദ്ധതികളും അവലോകനം ചെയ്യാൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഉന്നതതല യോഗങ്ങൾ ചേർന്നു. ഇന്ന് ജഗദൽപുരിൽ, ബസ്തർ പാണ്ഡം ഉത്സവത്തിന്റെ സമാപനച്ചടങ്ങിൽ ശ്രീ അമിത് ഷാ പങ്കെടുക്കും.

## CHAUHAN-INDO US TRADE

ഇന്ത്യ- അമേരിക്ക വ്യാപാര കരാറിനെ സംബന്ധിച്ച കോൺഗ്രസ് വിമർശനങ്ങളെ തള്ളി കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാൻ. കരാർ കൃഷിയെയും കർഷകതാൽപ്പര്യങ്ങളെയും പൂർണ്ണമായി സംരക്ഷിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ജനിതകമാറ്റം വരുത്തിയ ഉൽപ്പന്നങ്ങൾ ഇന്ത്യ അനുവദിക്കില്ല. കരാർ

കർഷകരുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കുന്നുവെന്നും, പ്രതിപക്ഷം അനാവശ്യഭയം സൃഷ്ടിക്കുകയാണെന്നും ശ്രീ ശിവരാജ് സിങ് ചൗഹാൻ പറഞ്ഞു.

❋❋❋❋❋❋❋❋❋❋❋❋❋

## INCOME TAX

2026-ലെ കരട് ആദായനികുതി നിയമങ്ങളും ഫോമുകളും സംബന്ധിച്ച്, പൊതുജനങ്ങളിൽ നിന്നുൾപ്പെടെ, കേന്ദ്രസർക്കാർ അഭിപ്രായങ്ങൾ ക്ഷണിച്ചു. ഈ മാസം 22 വരെ ആദായനികുതി വകുപ്പ് പോർട്ടലിലൂടെ അഭിപ്രായങ്ങൾ അറിയിക്കാം. സുതാര്യത, ഫലപ്രദമായ നിയമനിർമ്മാണം എന്നിവയാണ് ലക്ഷ്യമെന്ന് ആദായനികുതി വകുപ്പ് പ്രസ്താവനയിൽ അറിയിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

## NSA-CANADA VISIT

ദേശീയ സുരക്ഷ-നിയമ നിർവ്വഹണ വിഷയങ്ങളിൽ സഹകരണം ശക്തിപ്പെടുത്തുന്നതിന് ഇന്ത്യയും കാനഡയും തമ്മിൽ ധാരണയായി. വിവിധ മേഖലകളിലെ പ്രായോഗിക സഹകരണം സാധ്യമാക്കുന്നതിന് സംയുക്ത പ്രവർത്തന പദ്ധതി രൂപീകരിക്കാനും ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലും കനേഡിയൻ പ്രതിനിധി നതാലി ഡ്രൂയിനും തമ്മിൽ ഒട്ടാവയിൽ നടന്ന കൂടിക്കാഴ്ചയിൽ

തീരുമാനമായി. മയക്കുമരുന്ന് കടത്ത്, രാജ്യാന്തര സംഘടിത കുറ്റകൃത്യ ശൃംഖലകൾ തുടങ്ങിയ വിഷയങ്ങളിൽ ഇരുരാജ്യങ്ങൾക്കിടയിലെ ആശയവിനിമയം ലളിതമാക്കാൻ തീരുമാനം സഹായകരമാകുമെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**JAPAN PM-POLL WIN**

ജപ്പാനിൽ പാർലമെന്റ് തിരഞ്ഞെടുപ്പിൽ പ്രധാനമന്ത്രി സനായി തകായ്ച്ചിയുടെ നേതൃത്വത്തിലുള്ള ഭരണമുന്നണിക്ക് ചരിത്രവിജയം. തകായ്ച്ചിയുടെ നേതൃത്വത്തിലുള്ള ലിബറൽ ഡെമോക്രാറ്റിക് പാർട്ടി നയിക്കുന്ന സഖ്യം ആകെയുള്ള 465 സീറ്റുകളിൽ 352 എണ്ണം നേടി. എൽ.ഡി.പി മാത്രം 316 സീറ്റുകൾ കരസ്ഥമാക്കി. തിരഞ്ഞെടുപ്പ് വിജയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സനായി തകായ്ച്ചിയെ അഭിനന്ദിച്ചു. ലോകസമാധാനം, സ്ഥിരത, എന്നിവ വർദ്ധിപ്പിക്കുന്നതിൽ ഇന്ത്യ- ജപ്പാൻ സഹകരണം നിർണ്ണായക പങ്കുവഹിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി മോദി സമൂഹ മാധ്യമത്തിൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**SHEKHAWAT - BUDGET(INTRO)**

സ്ഥിരതയും സുസ്ഥിര വികസനവും പ്രതിഫലിപ്പിക്കുന്നതാണ് ഇത്തവണത്തെ കേന്ദ്ര ബജറ്റെന്ന് കേന്ദ്രമന്ത്രി ഗജേന്ദ്ര സിങ് ശെഖാവത്. ഷിംലയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

❋❋❋❋❋❋❋❋❋❋❋❋❋

## JADHAV-AYUSH AND CGHS

രാജ്യത്തെ ആരോഗ്യസേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ശക്തമായ നടപടികളാണ് സ്വീകരിക്കുന്നതെന്ന് കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപ്റാവു ജാദവ്. ഇന്നലെ മഹാരാഷ്ട്രയിലെ ഛത്രപതി സംഭാജിനഗറിൽ ആയുഷ് ,സി.ജി.എച്ച്.എസ് വെൽനസ് സെന്ററിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സർക്കാരിൻറെ ആരോഗ്യപദ്ധതിക്കു കീഴിൽ ആയുർവേദവും മറ്റ് പരമ്പരാഗത ചികിത്സാ രീതികളും ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

❋❋❋❋❋❋❋❋❋❋❋❋❋

## KERALA SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. ഈ മാസം 21 ന്

അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. ആലപ്പുഴ ജില്ലയിലെ കുട്ടനാട്, അമ്പലപ്പുഴ, ഹരിപ്പാട് നിയോജക മണ്ഡലങ്ങളിൽ പരിഷ്കരണ നടപടികൾ പൂർത്തിയായി.

## CM KERALA

സിയാൽ എയ്റോ പാർക്ക് ആദ്യ ഘട്ടം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. വ്യോമയാന മേഖലയിലെ അറ്റകുറ്റപ്പണികൾ, പരിശീലനം, സാങ്കേതിക സഹായ സേവനങ്ങൾ എന്നിവ ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ് പാർക്കിന്റെ ലക്ഷ്യം. കളമശ്ശേരി മെഡിക്കൽ കോളേജ് ക്യാമ്പസിൽ നിർമിച്ച കൊച്ചിൻ ക്യാൻസർ റിസർച്ച് സെൻററിൻറെ പുതിയ കെട്ടിടവും മുഖ്യമന്ത്രി ഇന്ന് നാടിന് സമർപ്പിക്കും.

## LAKSHADWEEP-FLIGHT

കൊച്ചി-ലക്ഷദ്വീപ് പാതയിൽ പുതിയ പ്രതിദിന വിമാന സർവീസിനു ഇന്ന് തുടക്കമാകും. അഗത്തിയിൽനിന്ന് രാവിലെ 9.50-ന് പുറപ്പെടുന്ന വിമാനം 10.50-ന് കൊച്ചിയിലെത്തും. തിരികെ കൊച്ചിയിൽ നിന്ന് രാവിലെ 11.20-ന് പുറപ്പെടുന്ന വിമാനം ഉച്ചയ്ക്ക് 12.45-ഓടെ അഗത്തിയിലെത്തും

## CRICKET T20 WC

ഐസിസി പുരുഷ ടി20 ലോകകപ്പിൽ ഇന്നലെ നടന്ന ഗ്രൂപ്പ് ബി മത്സരത്തിൽ ആതിഥേയരായ ശ്രീലങ്ക അയർലൻഡിനെ 20 റൺസിന് പരാജയപ്പെടുത്തി. മുംബൈയിൽ നടന്ന ഗ്രൂപ്പ് സി മത്സരത്തിൽ ഇംഗ്ലണ്ട് നേപ്പാളിനെയും ചെന്നൈയിൽ നടന്ന ഗ്രൂപ്പ് ഡി മത്സരത്തിൽ ന്യൂസിലൻഡ് അഫ്ഗാനിസ്ഥാനെയും പരാജയപ്പെടുത്തി. ഇന്ന് നടക്കുന്ന ഗ്രൂപ്പ് സി മത്സരത്തിൽ സ്കോട്ലൻഡ് ഇറ്റലിയെ നേരിടും. രാവിലെ 11 മണിക്ക് കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിലാണ് മത്സരം.

## SHOOTING CHAMPIONSHIP

ന്യൂഡൽഹിയിൽ നടന്ന ഏഷ്യൻ റൈഫിൾ-പിസ്റ്റൾ ചാമ്പ്യൻഷിപ്പ് 10 മീറ്റർ എയർ റൈഫിൾ മിക്സഡ് ടീമിനത്തിൽ ഇന്ത്യൻ സഖ്യത്തിന് സ്വർണം. **അർജുൻ ബാബൂത- ഇളവേനിൽ വാളറിവൻ** സഖ്യമാണ് ലോക റെക്കോഡോടെ സ്വർണം നേടിയത്.

## TENNIS-DAVIS CUP

ഡേവിസ് കപ്പ് ടെന്നീസ് യോഗ്യതാ റൗണ്ടിൽ ഇന്ത്യയ്ക്ക് ജയം. നെതർലൻഡ്സിനെ 3-2 ന് പരാജയപ്പെടുത്തി ഇന്ത്യ രണ്ടാം റൗണ്ടിലേക്ക് കടന്നു. ദക്ഷിണേശ്വർ സുരേഷും യൂകി ഭാംബ്രിയും ഇന്ത്യയ്ക്കായി മികച്ച പ്രകടനം കാഴ്ചവച്ചു. 2019 ൽ പുതിയ ഡേവിസ് കപ്പ് ഫോർമാറ്റ് ആരംഭിച്ചതിനുശേഷം ഇന്ത്യ ക്വാളിഫയറിന്റെ രണ്ടാം റൗണ്ടിലേക്ക് കടക്കുന്നത് ഇതാദ്യമാണ്.

☸☸☸☸☸☸☸☸☸☸☸☸☸

## UIDAI-MBU

സ്കൂൾ കുട്ടികൾക്കായുള്ള ആധാർ വിവരങ്ങൾ പുതുക്കുന്ന പ്രക്രിയ യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ വിജയകരമായി പൂർത്തിയാക്കി. ഒരു കോടിയിലധികം നിർബന്ധിത ബയോമെട്രിക് അപ്ഡേഷനുകളാണ് പൂർത്തിയാക്കിയത്.

☸☸☸☸☸☸☸☸☸☸☸☸☸

## IMD-WEATHER

ആന്ധ്രാപ്രദേശിൻറെ തീരദേശമേഖല, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ഇന്ന് ശക്തമായ മൂടൽ മഞ്ഞിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉത്തർപ്രദേശിലും സമാന കാലാവസ്ഥ തുടരും. അടുത്ത രണ്ട് ദിവസത്തിൽ വടക്കുപടിഞ്ഞാറൻ

ഇന്ത്യയിൽ കുറഞ്ഞ താപനില രണ്ട് ഡിഗ്രി സെൽഷ്യസ് ഉയരാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

## PORTUGAL-PREZ POLLS

പോർച്ചുഗലിൽ, ഇന്നലെ നടന്ന രണ്ടാം ഘട്ട പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മധ്യ-ഇടതുപക്ഷ സോഷ്യലിസ്റ്റ് സ്ഥാനാർത്ഥി അന്റോണിയോ ജോസ് സെഗുറോയ്ക്ക് ജയം. രാജ്യത്തെ മൂന്ന് പ്രധാന ബ്രോഡ്കാസ്റ്റർമാർ നടത്തിയ എക്സിറ്റ് പോൾ പ്രകാരം, സെഗുറോ ഏകദേശം 70 ശതമാനം വോട്ടുകൾ നേടി. എതിർ സ്ഥാനാർഥി വെൻചുറയ്ക്ക് ഏകദേശം 30 ശതമാനം വോട്ടുകളാണ് ലഭിച്ചത്.